പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3166 07.11.2019 ൽ മറുപടിയ്ക്ക്**

**പെരുമ്പെട്ടി വില്ലേജിലെ കൈവശകർഷർക്ക് പട്ടയം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പെരുമ്പെട്ടി വില്ലേജിലെ കൈവശകർഷർക്ക് പട്ടയം നൽകുന്ന നടപടി ഏതുഘട്ടം വരെയായി; എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത്; ഇവർ എത്രവർഷമായി ഇവിടെ താമസിക്കുന്നു; | (എ) പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ വ്യക്തിഗത കൈവശങ്ങൾ അളന്ന് തിരിച്ച് മഹസ്സർ തയ്യാറാക്കുന്ന സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 37 സർവ്വേ ഫീൽഡുകളിലായി നാളിത് വരെയായി ഭൂമി പതിവിനായി 733 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർ 60 വർഷത്തിലധികമായി പ്രസ്തുത ഭൂമി കൈവശം വച്ച് വരുന്നു. |
| (ബി) | ഇവിടെ കർഷകർ നട്ടുവളർത്തിയ വൃക്ഷങ്ങൾക്ക് തടിവിലയോ തറവിലയോ ഈടാക്കാതെ ഉപാധിരഹിത പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) 1964 ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് ചട്ടം 10(3) ഉം 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് സെക്ഷൻ 22 പ്രകാരവും നിഷ്കർഷിച്ചിരിക്കുന്ന 10 ഇനം ഒഴികെയുള്ള വൃക്ഷങ്ങൾക്കാണ് തടിവില ഈടാക്കാതെതന്നെ പട്ടയം അനുവദിക്കാവുന്നത്. |
| (സി) | പട്ടയത്തിനായി ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാവും എന്ന് വിശദമാക്കുമോ? | (സി) വ്യക്തിഗത കൈവശങ്ങളുടെ സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. പട്ടയ നടപടികളുടെ ഭാഗമായി Order of Assignment നൽകുന്നതിന് മുമ്പായി കൈവശഭൂമിയിൽ നിൽക്കുന്ന 1390 ഓളം മരങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.<br>പെരുമ്പെട്ടി വില്ലേജിലെ ബ്ലോക്ക് നമ്പർ 34 ൽ റീ സർവ്വേ നമ്പർ 174 മുതൽ 192 വരെയും 194 മുതൽ 211 വരെയുള്ള സബ് ഡിവിഷനുകളിൽ ഉൾപ്പെട്ട കൈവശ ഭൂമി വനം വകുപ്പിന്റെ 31/5/1958 ലെ നോട്ടിഫിക്കേഷൻ നം.F(A)2-1089/57/AD പ്രകാരം വലിയകാവ് റിസർവ്വിന്റെ പരിധിക്ക് പുറത്തായി സ്ഥിതിചെയ്യുന്നതായി സംയുക്ത |

| | | |
|---|---|---|
| | | പരിശോധനയിൽ വ്യക്തമായിട്ടുള്ളതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5 ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9 ൽ സർക്കാർ എന്നും റിമാർക്സ് കോളം 10 ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. ചില സർവ്വെ നമ്പരുകളിൽ RF എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിയ്ക്ക് 1964 ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കഴിവതും വേഗം പട്ടയം നൽകാനാവുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ